## പതിമുന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3882

15.12.2014-ൽ മറുപടിയ്ക്ക്

### പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട്, 1989 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട്, 1989 പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ; | (എ) | 3,340 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച എത്ര കേസ്സുകൾ ഉണ്ട് ; എത്ര എണ്ണം ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത എല്ലാ കേസ്സുകളും ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) | 238 കേസ്സുകൾ ഉണ്ട്. ഇതിൽ ഒരു കേസ്സും ശിക്ഷിക്കപ്പെട്ടിട്ടില്ല. |
| (സി) | നിലവിൽ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ? | (സി) | ഇത്തരം കേസ്സുകളിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്താൽ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എക്സ്പ്രസ് റിപ്പോർട്ട് തയ്യാറാക്കി ജില്ലാ പോലീസ് മേധാവികൾക്ക് വിവരം നൽകുന്നു. ജില്ലാ പോലീസ് മേധാവിമാർ |

DYSP/ACP റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് . അന്വേഷണ ചുമതല ഏൽപ്പിച്ചു കൊടുക്കുകയും, പരമാവധി 30 ദിവസത്തിനകം ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്നതിന് ഉത്തരവ് നൽകുകയും, കേസ്സുകളുടെ അന്വേഷണ രീതിയും പുരോഗതിയും യഥാസമയം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇപ്രകാരം ചാർജ്ജ് ഷീറ്റ് സമർപ്പിക്കുന്ന കേസ്സുകൾ ബഹു.ജില്ലാ സെഷൻസ് കോടതികളിൽ വിചാരണ നടത്തി വരുന്നതുമാണ്. ബഹു.ഹൈക്കോടതി നിർദ്ദേശപ്രകാരമോ, മറ്റ് കേസ്സുകൾ വിസ്താരത്തിനു വരുമ്പോഴോ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസ്സുകളുടെ വിചാരണയ്ക്ക് സ്വാഭാവികമായും കാലതാമസ്സം നേരിടാറുണ്ട്.

സെക്ഷൻ ഓഫീസർ

G1/646/LAI/SCRB/14

| Districts | No. of Cases Registered |
|---|---|
| TVM C | 108 |
| TVM R | 352 |
| KLM C | 137 |
| KLM R | 247 |
| PTA | 130 |
| ALP | 182 |
| KTM | 184 |
| IDK | 164 |
| EKM C | 115 |
| EKM R | 191 |
| TSR C | 57 |
| TSR R | 170 |
| PKD | 291 |
| MPM | 256 |
| KKD C | 75 |
| KKD R | 181 |
| WYD | 115 |
| KNR | 196 |
| KSD | 188 |
| RLY | 1 |
| **Total** | **3340** |

ASHA DEVI V.S.
Section Officer (HG)
Home (SC) Department
Government Secretariat
Thiruvananthapuram